"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

നം. 106/എച്ച്3/2021/ഉ.വി.വ.
ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്
തിരുവനന്തപുരം,
തീയതി: 13/09/2021

സർക്കുലർ

വിഷയം:- അച്ചടി വകുപ്പ് - കേരള ഗസറ്റ് - ഇലക്ട്രോണിക് മാധ്യമത്തിലൂടെ പ്രസിദ്ധികരിക്കുന്നത് - പരിശീലന പരിപാടി നടത്തുന്നത് - നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു .

സൂചന:- 18.06.2021 ലെ 106/എച്ച്3/2021/ഉ.വി.വ. നമ്പർ സർക്കുലർ.

********************

അച്ചടി വകുപ്പിന്റെ ആധുനികവത്കരണത്തിന്റെ/ഡിജിറ്റലൈസഷന്റെ ഭാഗമായി 2000 ലെ വിവര സാങ്കേതിക വിദ്യ നിയമത്തിലെ 8 ാം വകുപ്പിലെ വ്യവസ്ഥയ്ക്ക് വിധേയമായി കേരള ഗസറ്റ് (എല്ലാം ചൊവ്വാഴ്ചയും പ്രസിദ്ധികരിക്കുന്ന വീക്കിലി ഗസറ്റ്)ഇലക്ട്രോണിക് മാധ്യമത്തിലൂടെ 2021 ാം മാണ്ട് ഒക്ടോബർ 2 ാം തീയതി മുതൽ പ്രസിദ്ധികരിക്കുന്നതിനും വകുപ്പിന്റെ സേവനങ്ങൾ ഓൺലൈനായി പൊതുജനങ്ങൾക്കു ലഭ്യമാക്കുന്നതിനും തീരുമാനിച്ചിട്ടുള്ളതാണ്. നിലവിൽ കേരള ഗസറ്റ് എന്ന വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യു പ്രസിദ്ധികരിക്കുന്ന കേരള ഗസറ്റിന്റെ പി.ഡി.എഫ് പകർപ്പുകളിൽ/ഇ ഗസറ്റുകളിൽ സർക്കാർ പ്രസ്സുകളുടെ സൂപ്രണ്ടിന്റെ ഡിജിറ്റൽ സിഗ്നേച്ചർ പതിച്ചു പ്രസിദ്ധികരിക്കുന്ന കേരള ഗസറ്റ് 2000 ലെ വിവര സാങ്കേതിക വിദ്യ നിയമത്തിലെ 4 ഉം 8 ഉം വകുപ്പുകൾ പ്രകാരം ഗസറ്റ് അതിന്റെ ഇലക്ട്രോണിക് രൂപത്തിലും ഡൗൺലോഡ് ചെയ്യപ്പെട്ട രൂപത്തിലും അച്ചടിച്ച രൂപത്തിലും ഒരുപോലെ എല്ലാ ഔദ്യോഗിക ആവശ്യത്തിനും ഇ ഗസറ്റായി പരിഗണിക്കുന്നതാണെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും പരാമർശിത സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട് .

(2) അച്ചടി വകുപ്പിന്റെ കംമ്പോസ് സോഫ്റ്റ്‌വെയർ മുഖാന്തിരം കേരള ഗസറ്റ് പൂർണ്ണമായി ഇലക്ട്രോണിക് മാധ്യമത്തിലൂടെ പ്രസിദ്ധപ്പെടുത്തുന്നതിനു മുന്നോടിയായി, നിലവിൽ കേരള ഗസറ്റിൽ വിജ്ഞാപനങ്ങൾ, ദർഘാസുകൾ, നോട്ടീസുകൾ, തുടങ്ങിയവ പ്രസിദ്ധീകരിച്ചു വരുന്ന വകുപ്പുകൾക്കും സ്ഥാപനങ്ങൾക്കും, ആയവ ഓൺലൈനായി പ്രസിദ്ധീകരിക്കുന്നതിലേയ്ക്കായി ഉത്തരവാദപ്പെട്ട അധികാരിക്ക് പരിശീലനം നൽകേണ്ടതായിട്ടുണ്ട്. പ്രസ്തുത പരിശീലന പരിപാടി,കംപോസ് പദ്ധതിയുടെ പദ്ധതി നിർവ്വഹണ ഏജൻസിയായ നാഷണൽ ഇൻഫോമാറ്റിക്സ് സെന്റർ (NIC) 2021 ാം മാണ്ട് സെപ്റ്റംബർ 15-17 തീയതികളിൽ ഓൺലൈൻ മുഖാന്തിരം നടത്തുന്നതാണ്. ആയതിനാൽ, എല്ലാം ഭരണ വകുപ്പുകളും തങ്ങളുടെ ഭരണനിയന്ത്രണത്തിലുള്ള വകുപ്പുകളിലെ/ സ്ഥാപനങ്ങളിലെ ഒന്നോ രണ്ടോ ഉദ്യോഗസ്ഥരെ പ്രസ്തുത പരിശീലന പരിപാടിയിൽ പങ്കെടുക്കുന്നതിനായി നിയോഗിക്കേണ്ടതും പ്രസ്തുത ഉദ്യോഗസ്ഥർ പരിശീലന പരിപാടിയിൽ പങ്കെടുക്കേണ്ടതാണെന്ന കർശന നിർദ്ദേശം നൽകേണ്ടതുമാണ്.

(3) അച്ചടി വകുപ്പിൽ നിന്നും നൽകുന്ന user name ഉം password ഉം ഉപയോഗിച്ചു മാത്രമേ വിജ്ഞാപനങ്ങൾ, ദർഘാസുകൾ, നോട്ടീസുകൾ തുടങ്ങിയവ പ്രസിദ്ധികരണത്തിനു നൽകുവാൻ സാധിക്കുകയുള്ളൂ എന്നതിനാൽ ,ടി പരിശീലന പരിപാടിയ്ക്ക് മുന്നോടിയായി, നിയോഗിക്കപ്പെട്ട അധികാരിക്ക് user name, password എന്നിവ ലഭിക്കുന്നതിനായി, ടി ഉദ്യോഗസ്ഥന്റെ പേര്, തസ്തിക, പെൻനമ്പർ, സ്പാർക്കുമായി ബന്ധപ്പെടുത്തിയിട്ടുള്ള മൊബൈൽ നമ്പർ, വകുപ്പ്/ഓഫീസ്, താലൂക്ക്, ജില്ല മുതലായവ അച്ചടി വകുപ്പിന്റെ gazette.printing@kerala.gov.in എന്ന വിലാസത്തിലേക്ക് ടിയാന്റെ ഗവ. ഇമെയിൽ വിലാസത്തിൽ നിന്നും അയച്ചു കൊടുക്കേണ്ടതാണ്. പരിശീലനപരിപാടിയുടെ ഓൺലൈൻ ലിങ്ക് ലഭിക്കുന്നതിനായി നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥർ, മുകളിൽ പരാമർശിച്ചിട്ടുള്ള ഡീറ്റെയിൽസ് അടിയന്തിരമായി

നൽകേണ്ടതാണ്. ഇത് കൈകാര്യം ചെയ്യുന്ന ഉത്തരവാദപ്പെട്ട അധികാരിക്ക് Digital signature ഉണ്ടായിരിക്കേണ്ടതാണ്.

(4) എല്ലാം ഭരണ വകുപ്പുകളും തങ്ങളുടെ ഭരണനിയന്ത്രണത്തിലുള്ള വകുപ്പുകൾക്കും,സ്ഥാപനങ്ങൾക്കും,പൊതുമേഖല സ്ഥാപനങ്ങൾക്കും ഇതു സംബന്ധിച്ച വിവരം അടിയന്തിരമായി നല്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

(5)കേരള ഗസറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി വിജ്ഞാപനങ്ങൾ, പരസ്യങ്ങൾ തുടങ്ങിയവ നല്കുന്ന ഉത്തരവാദപ്പെട്ട അധികാരികൾ സ്വീകരിക്കേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ താമസംവിനാ പുറപ്പെടുവിക്കുന്നതാണ്.

ഡോ. വി പി ജോയ്
ചീഫ് സെക്രട്ടറി

പകർപ്പ്;

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും, പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും, സെക്രട്ടറിമാർക്കും, സ്പെഷ്യൽ സെക്രട്ടറിമാർക്കും.

എല്ലാ വകുപ്പ് തലവന്മാർക്കും.

നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും,സെക്ഷനുകൾക്കും

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം).

അക്കൗണ്ടൻറ് ജനറൽ (എ & ഇ)കേരള, തിരുവനന്തപുരം.(ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, നിയമസഭാ സെക്രട്ടേറിയറ്റ് (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ഹൈക്കോടതി, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള, കൊച്ചി, കോഴിക്കോട്,കണ്ണൂർ യൂണിവേഴ്സിറ്റികൾ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ,.മഹാത്മാ ഗാന്ധി യൂണിവേഴ്സിറ്റി, കോട്ടയം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, കേരള കാർഷിക സർവ്വകലാശാല, തൃശ്ശൂർ (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല, കാലടി, എറണാകുളം (ആമുഖ കത്ത് സഹിതം).

രജിസ്ട്രാർ, ഫിഷറീസ് സർവ്വകലാശാല,കൊച്ചി,എറണാകുളം

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം/തിരുവനന്തപുരം ശാഖ (ആമുഖ കത്ത് സഹിതം).

മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

സെക്രട്ടറി, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ്, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).

ഡയറക്ടർ, വിവരപൊതുജനസമ്പർക്ക വകുപ്പ് (വിപുലമായ പ്രചരണത്തിന്)

Signed by Bindu V K
Date: 13-09-2021 12:50:57
Reason: Approved